**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.429**
**2020 മാർച്ച് 03-ന് മറുപടി നൽകേണ്ടത്**
**കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **ഡോ. റ്റി.എം.തോമസ് ഐസക്**<br>**ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| (എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് വകുപ്പ് തിരിച്ചു അറിയിക്കുമോ ; | 2019 മാർച്ച് 31 വരെയുള്ള ബില്ലുകളുടെ തുക ഇതിനകം തന്നെ നൽകിയിട്ടുണ്ട്. വിവിധ മരാമത്ത് വകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങൾ അനുസരിച്ച് 01.04.2019 മുതൽ 29.02.2020 വരെയുള്ള കാലയളവിൽ കരാറുകാർക്ക് കൊടുത്തുതീർക്കുവാനുള്ള തുകയുടെ കണക്കുകൾ താഴെപ്പറയും പ്രകാരമാണ്.<br><br>**വകുപ്പ്** — **കുടിശ്ശിക തുക (കോടിയിൽ)**<br>പൊതുമരാമത്ത് (നിരത്ത് പാലം) — 1258.11<br>പൊതുമരാമത്ത് (കെട്ടിടം ) — 406.17<br>ജലവിഭവം — 159.11<br><br>ഇതിനു പുറമേ, ട്രഷറി ഡയറക്ടർ ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം 20.02.2020 വരെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള 447.49 കോടി രൂപയുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കാനുണ്ട്. |
| (ബി) കുടിശ്ശിക ലഭിക്കാത്തതിനാൽ കരാറുകാർ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ മടിക്കുന്നതും പഴയ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമായ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സംസ്ഥാന പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ബില്ലുകൾ സമയക്രമം നിശ്ചയിച്ച് കൃത്യമായി തീർപ്പാക്കി വരുന്നു. ഇതിനു പുറമേ കേന്ദ്രാവിഷ്കൃത പദ്ധതികൾ, നബാർഡ്, വിദേശ സഹായ പദ്ധതികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ബില്ലുകൾ അവ സമർപ്പിക്കപ്പെടുന്ന മുറയ്ക്ക് തന്നെ ആവശ്യമായ നടപടികൾ പൂർത്തീകരിച്ച് തീർപ്പാക്കി വരുന്നുണ്ട്. |
| (സി) ഇക്കാലയളവിൽ ബിൽ ഡിസ്കൌണ്ട് മുഖേന എത്ര കരാറുകാർക്ക് പണം നൽകിയിട്ടുണ്ടെന്നറിയിക്കുമോ; | 2019 ഏപ്രിൽ മുതൽ 2019 ആഗസ്റ്റ് വരെയുള്ള കാലയളവിലെ 2125 ബില്ലുകൾക്ക് BDS വഴി തുക ലഭ്യമാക്കിയിട്ടുണ്ട്. |

(ഡി) പ്രസ്തുത കുടിശ്ശിക എപ്പോൾ കൊടുത്തു തീർക്കുവാൻ ആണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

2019 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള ബില്ലുകൾ സമയ ബന്ധിതമായി തീർപ്പാക്കുന്നതിനായി താഴെപ്പറയും പ്രകാരം സമയ ക്രമം നിശ്ചയിച്ചിട്ടുണ്ട്.

| **കുടിശ്ശിക കാലയളവ്** | **തുകനൽകുന്ന തീയതി** |
|---|---|
| ഏപ്രിൽ 2019 | 21.04.2020 |
| മേയ് 2019 | ·19.05.2020 |
| ജൂൺ 2019 | 23.06.2020 |
| ജൂലൈ 2019 | 20.07.2020 |
| ആഗസ്റ്റ് 2019 | 17.08.2020 |

തദ്ദേശ സ്വയംഭരണമടക്കമുള്ള മറ്റു വകുപ്പുകളിലെ കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കുന്നതിന് താഴെപ്പറയും പ്രകാരം സമയക്രമം നിശ്ചയിച്ചിട്ടുണ്ട്.

| **കുടിശ്ശിക കാലയളവ്** | **തുക നൽകുന്ന തീയതി** |
|---|---|
| ഏപ്രിൽ 2019 മുതൽ നവംബർ 2019 വരെ | 20.05.2020 |
| ഡിസംബർ 2019 മുതൽ ഫെബ്രുവരി 2020 വരെ | 20.06.2020 |

മേൽ പ്രകാരമുള്ള സമയക്രമത്തിൽ ഉൾപ്പെട്ടിട്ടുള്ള ബില്ലുകൾ ഉടനടി മാറുന്നതിനായി ബിൽ ഡിസ്ക്കൌണ്ടിംഗ് സമ്പ്രദായം വഴിയുള്ള സൗകര്യവും കരാറുകാർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

**അക്കൌണ്ട്സ് ഓഫീസർ**